ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 21.10.2025**

## പ്രധാനവാർത്തകൾ

1. നാലു ദിവസത്തെ കേരള സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു തിരുവനന്തപുരത്തെത്തി. ശബരിമല ദർശനം നാളെ . തിരുവനന്തപുരത്ത് വ്യാഴാഴ്ച വരെ ഗതാഗത നിയന്ത്രണം.

2. കേരളം അതിദാരിദ്ര്യമുക്ത സംസ്ഥാനമായി മാറുന്നതിൻറെ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

3. തിരുവനന്തപുരത്ത് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് വയോധിക മരിച്ചു. ജില്ലയിൽ അതീവ ജാഗ്രത.

4. കേരളത്തിൽ ശക്തമായ മഴ തുടരും. എല്ലാ ജില്ലകളിലും മഴ മുന്നറിയിപ്പ്. കേരള- കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

5. ചുവപ്പ് ജാഗ്രതയുടെ പശ്ചാത്തലത്തിൽ ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിലെ പ്രൊഫഷണൽ കോളേജ് ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ അവധി.

6. ഒളിമ്പിക്സ് മാതൃകയിലുള്ള 67-ാമത് സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് തിരുവനന്തപുരത്ത് തുടക്കമായി.

****************

RIU TVPM

<u>രാഷ്ട്രപതി -തിരുവനന്തപുരം</u>

നാലു ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപതി മുർമു കേരളത്തിൽ. അല്പം മുൻപാണ് രാഷ്ട്രപതി തിരുവനന്തപുരത്തെത്തിയത്. നാളെയാണ് രാഷ്ട്രപതിയുടെ ശബരിമല സന്ദർശനം. വൈകുന്നേരം തിരുവനന്തപുരത്ത് ഗവർണർ ഒരുക്കുന്ന അത്താഴ വിരുന്നിലും രാഷ്ട്രപതി പങ്കെടുക്കും. വ്യാഴാഴ്ച രാവിലെ രാജ്ഭവനിൽ മുൻ രാഷ്ട്രപതി കെ ആർ നാരായണന്റെ അർധകായ പ്രതിമ അനാച്ഛാദനം ചെയ്യും.

ശിവഗിരിയിൽ ശ്രീനാരായണ ഗുരു സമാധി ശതാബ്ദി ചടങ്ങിൽ മുഖ്യാതിഥിയാകുന്ന രാഷ്ട്രപതി പാലാ സെന്റ് തോമസ് കോളേജിലെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കും. വെള്ളിയാഴ്ച എറണാകുളം സെന്റ് തെരേസാസ് കോളേജിലെ പരിപാടികളിൽ പങ്കെടുക്കുത്ത ശേഷം ഡൽഹിയിലേക്ക് മടങ്ങും.

RNU TVPM

****************

<u>രാഷ്ട്രപതി - ശബരിമല സന്ദർശനം (ഇൻട്രോ)</u>

നാളെ നടക്കുന്ന രാഷ്ട്രപതിയുടെ ശബരിമല സന്ദർശനം പ്രമാണിച്ച് സുരക്ഷ ശക്തമാക്കി കേന്ദ്രസേന ഉൾപ്പെടെയുള്ളവയെ വിന്യസിച്ചിട്ടുണ്ട്. രാഷ്ട്രപതിയുടെ സന്ദർശനം പ്രമാണിച്ച് തീർഥാടകർക്ക് ദർശനത്തിനും നിയന്ത്രണമുണ്ട്. കടകൾ ഉൾപ്പെടെയുള്ളവയ്ക്കും അവധിയാണ്.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ..**

**(വോയിസ്)**

****************

<u>ശബരിമലയിൽ നിയന്ത്രണം.</u>

രാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിലും ഗതാഗത നിയന്ത്രണമേർപ്പെടുത്തി. നാളെ രാവിലെ ആറു മുതൽ രാത്രി പത്തു വരെയും, മറ്റന്നാൾ

രാവിലെ ആറു മുതൽ ഉച്ചയ്ക്ക് 12.30വരെയും, നിയന്ത്രണം ഉണ്ടായിരിക്കും. പ്രധാന റോഡുകളിലും, ഇടറോഡുകളിലും വാഹന പാർക്കിംഗ് അനുവദിക്കില്ല.

***************

## സ്മൃതി ദിനം

ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ വീരചരമം പ്രാപിച്ച പോലീസുദ്യോഗസ്ഥർക്കു രാഷ്ട്രം ശ്രദ്ധാഞ്ജലി അർപ്പിച്ചു. സേനയുടെ ധീരതയെ ഉപരാഷ്ട്രപതി സിപി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര മന്ത്രിമാരായ രാജ്നാഥ് സിംഗ്, അമിത് ഷാ തുടങ്ങിയവർ സ്മരിച്ചു. സേനയുടെ ത്യാഗം , പ്രതിബദ്ധത എന്നിവ രാജ്യത്തേയും ജനങ്ങളേയും സംരക്ഷിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു.

തിരുവനന്തപുരത്ത് പോലീസ് ആസ്ഥാനത്തെ സ്മൃതിഭൂമിയിൽ സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ പുഷ്പ ചക്രം അർപ്പിച്ചു. 66-ാമത് പൊലീസ് സ്മൃതി ദിനാചരണത്തിന്റെ ഭാഗമായി കണ്ണൂർ സിറ്റി പൊലീസ് സംഘടിപ്പിച്ച മാരത്തോണിൽ പുരുഷ വിഭാഗത്തിൽ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ അതുലും വനിതാ വിഭാഗത്തിൽ മലബാർ സ്പോർട്സ് അക്കാദമിയിലെ ശ്രീ നന്ദയും ജേതാക്കളായി .

RNUTVPM

***************

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 26-ന്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും ഈ മാസം 24 വരെ പങ്കുവയ്ക്കാം.

***************

## മുഖ്യമന്ത്രി-കൊച്ചി

കേരളം അതിദാരിദ്ര്യമുക്ത സംസ്ഥാനമായി മാറുന്നതിൻറെ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അടുത്ത മാസം 1 ന് കേരളത്തിൻറെ സ്വപ്നം സാധ്യമാകുമെന്നും, ഉടൻ തന്നെ ഇത് സംബന്ധിച്ച് പ്രഖ്യാപനമുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. കൊച്ചി കോർപ്പറേഷൻ ആസ്ഥാന മന്ദിരം ഉത്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

****************

## മുബൈ തീപിടിത്തം

നവി മുബൈയിലെ ഫ്ളാറ്റിലുണ്ടായ തീപിടിത്തത്തിൽ മൂന്ന് മലയാളികൾ ഉൾപ്പെടെ നാലുപേർ മരിച്ചു. തിരുവനന്തപുരം ചിറയിൻകീഴ് സ്വദേശികളായ സുന്ദർ ബാലകൃഷ്ണൻ, ഭാര്യ പൂജ രാജൻ, ആറു വയസുള്ള മകൾ വേദിക സുന്ദർ ബാലകൃഷ്ണൻ എന്നിവരാണ് മരിച്ചത്. വാഷിയിലെ സെക്ടർ 14ലെ റഹേജ റസിഡൻസിയിൽ ഇന്നു പുലർച്ചയോടെയാണ് തീപിടിത്തമുണ്ടായത്. ഷോർട്ട് സർക്യൂട്ട് മൂലം എസിയുടെ കംപ്രസർ പൊട്ടിത്തെറിച്ചതാണ് അപകടകാരണമെന്നാണ് പ്രാഥമിക നിഗമനം.

RNU TVPM

****************

## അമീബിക് മസ്തിഷ്ക ജ്വരം

തിരുവനന്തപുരത്ത് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് വയോധിക മരിച്ച പശ്ചാത്തലത്തിൽ ജാഗ്രത ശക്തമാക്കി. പോത്തൻകോട് വാവറ അമ്പലം സ്വദേശിയായ 79 കാരിയാണ് മരിച്ചത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്നു. ഈ മാസം 16 നാണ് ഇവർക്ക് രോഗം സ്ഥിരീകരിച്ചത്.

****************

## മധുരൈ എക്സ്പ്രസ്

കേന്ദ്ര റെയിൽവേ മന്ത്രാലയം ഗുരുവായൂർ - മധുരൈ എക്സ്പ്രസിന് കൊല്ലം ജില്ലയിലെ പെരിനാട് സ്റ്റോപ്പ് അനുവദിച്ചു. പെരിനാട് സ്റ്റേഷൻ നിന്നുള്ള ട്രെയിനിന്റെ ഫ്ലാഗ് ഓഫ് നാളെ രാവിലെ 10:30 ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ നിർവ്വഹിക്കും.

****************

## മഴ + അവധി

കേരളത്തിൽ ഇന്നും നാളെയും ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. മറ്റെല്ലാ ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. ഇടുക്കി , പാലക്കാട്, മലപ്പുറം ജില്ലകളിൽ നാളെ ചുവപ്പ് ജാഗ്രതയാണ്. എല്ലാ ജില്ലകളിലും മഴ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. കേരള- കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. ചുവപ്പ് ജാഗ്രതയുടെ പശ്ചാത്തലത്തിൽ ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ അവധി പ്രഖ്യാപിച്ചു. റസിഡൻഷ്യൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി ബാധകമല്ല.

PNU TVPM

****************

## മഴ -പാലക്കാട് (ഇൻട്രോ)

മഴ തുടരുന്ന സാഹചര്യത്തിൽ മഴ പാലക്കാട് ജില്ലയിലെ ഡാമുകളിലെ ജലനിരപ്പ് ക്രമീകരിച്ചു തുടങ്ങി.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.........**

**(വോയിസ്)**

****************

## ഇടുക്കി മഴ

ഇടുക്കി ജില്ലയിൽ മലയോര മേഖലയിലൂടെയുള്ള രാത്രി യാത്ര നാളെ വൈകിട്ട് ഏഴു മുതൽ മറ്റന്നാൾ രാവിലെ 6 വരെ നിരോധിച്ചു. ഖനന പ്രവർത്തനങ്ങളും മണ്ണെടുപ്പും നിരോധിച്ചിട്ടുണ്ട്. ഏഴ് ഡാമുകൾ തുറന്ന് വെള്ളം പുറത്തേക്ക് ഒഴുക്കുന്നത് തുടരുകയാണ്.

****************

## കരമന നദി

ശക്തമായ മഴയുടെ പശ്ചാത്തലത്തിൽ കരമന നദിയിൽ കേന്ദ്ര ജല കമ്മീഷൻ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നദിയിൽ ഇറങ്ങാനോ നദി മുറിച്ചു കടക്കാനോ പാടില്ല. തീരത്തോട് ചേർന്ന് താമസിക്കുന്നവർ ജാഗ്രത പാലിക്ക ണം. തിരുവനന്തപുരം അരുവിക്കര ഡാമിൻറെ അഞ്ച് ഷട്ടറുകൾ കൂടി ഉയർത്തിയ പശ്ചാത്തലത്തിൽ പ്രദേശവാസികൾ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പ്.

RNUTVPM

****************

## കായികമേള (ഇൻട്രോ)

സ്കൂൾ കായികമേളയും കായികരംഗത്തെ ഇടപെടലും ശക്തമാക്കാൻ സംസ്ഥാനസർക്കാർ കൂടുതൽ പദ്ധതിപ്രവർത്തനങ്ങൾ ആവിഷ്കരിക്കുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ. ഒളിമ്പിക്സ് മാതൃകയിലുള്ള അറുപത്തി ഏഴാമത് സംസ്ഥാന സ്കൂൾ കായികമേള തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

(വോയിസ്..........)

ഇത് രണ്ടാം തവണയാണ് പൊതുവിദ്യാഭ്യാസവകുപ്പ് കായികമേള സംഘടിപ്പിക്കുന്നത്. കായികതാരങ്ങളുടെ മാർച്ച് പാസ്റ്റും നടന്നു. 12 സ്റ്റേഡിയങ്ങളിലായി 41 ഇനങ്ങൾ മേളയിലുണ്ട്. ഈ മാസം 28 വരെയാണ് കായികമേള .

****************

## ഓഹരി-മുഹൂർത്ത വ്യാപാരം

മൂഹൂർത്ത വ്യാപാരത്തിൽ ഇന്ത്യൻ ഓഹരി സൂചികകൾ ഉയർന്നു. സെൻസെക്സ് 474 പോയിൻറ് ഉയർന്ന് 84,426 ലും നിഫ്റ്റി 25 പോയിൻറ് ഉയർന്ന് 25,869 ലും വ്യാപാരം അവസാനിപ്പിച്ചു. ഉച്ചയ്ക്ക് 1:45 മുതൽ 2:45 വരെയാണ് മുഹൂർത്ത വ്യാപാരം നടന്നത്. പുതുതായി ഓഹരികൾ വാങ്ങാനും നിക്ഷേപം ഉയർത്താനും ഐശ്വര്യപൂർണമെന്ന് നിക്ഷേപകർ വിശ്വസിക്കുന്ന സമയമാണ് ഇത്.

സ്വർണവില കുറഞ്ഞു. ഗ്രാമിന് 200 രൂപ കുറഞ്ഞ് 11,970 രൂപയും പവന് 1600 രൂപ കുറഞ്ഞ് 95,760 രൂപയുമാണ് ഇന്നത്തെ വില.

****************

## താമരശ്ശേരി സംഘർഷം

കോഴിക്കോട് താമരശ്ശേരിയിൽ അറവു മാലിന്യ സംസ്കരണത്തിനെതിരായ പ്രതിഷേധത്തിനിടെ ഉണ്ടായ സംഘർഷത്തിൽ നിരവധി പേർക്ക് പരിക്ക്. നാട്ടുകാർ നടത്തിയ പ്രതിഷേധമാണ് സംഘർഷത്തിൽ കലാശിച്ചത്. പോലീസുകാർക്ക് ഉൾപ്പെടെയാണ് പരിക്കേറ്റത്. സംഘർഷത്തിനിടെ ഫ്രഷ് കട്ട് ഫാക്ടറിക്ക് സമരക്കാർ തീയിട്ടു. തീ നിയന്ത്രിക്കാനെത്തിയ ഫയർ വാഹനവും സംഭവസ്ഥലത്തേക്ക് കടത്തിവിടുന്നില്ല.

RNUTVPM

****************

## അൽപശി

ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിലെ അൽപശി ഉത്സവത്തിന് തുടക്കമായി. ഈ മാസം 30 ന് ശംഖുമുഖം കടപ്പുറത്ത് നടക്കുന്ന ആറാട്ടോടുകൂടി അൽപശി ഉത്സവം സമാപിക്കും. ആറാട്ട് ഘോഷയാത്രയെ അനുഗമിക്കുന്ന ഭക്തജനങ്ങൾക്ക് ക്ഷേത്രത്തിൽ നിന്നും പ്രത്യേക പാസ്സ് ഏർപ്പെടുത്തിയിട്ടുണ്ട്.

****************

************

*********